"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - Cr.No.157/CB/KNR&KSD/25- മൈറ്റോകോൺട്രിയൽ ഡി.എൻ.എ പരിശോധന നടത്തിയ വകയിൽ ചെലവായ തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1182/2025/HOME തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 24.03.2025 തീയതിയിലെ എൻ4-60313/2025/പി.എച്ച്.ക്യൂ. നമ്പർ കത്ത്.

**ഉത്തരവ്**

ക്രൈം ബ്രാഞ്ചിന്റെ കണ്ണൂർ, കാസർഗോഡ് പോലീസ് സൂപ്രണ്ട് മേധാവിയുടെ അന്വേഷണച്ചുമതലയിലുള്ള Cr.No.157/CB/KNR&KSD/25 കേസിലെ അന്വേഷണത്തിന്റെ ഭാഗമായി കണ്ടെടുത്ത മൃതദേഹവും, മറ്റ് മുതലുകളും പരിശോധിക്കേണ്ടത് അനിവാര്യമായതിനാൽ മൈറ്റോകോൺട്രിയൽ ഡി.എൻ.എ. പരിശോധന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി മുഖേന നടത്തുന്നതിന് ഫീസിനത്തിൽ 72,000/- രൂപ 2055-00-101-99-00-34-03 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്നു പരാമർശിത കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, ക്രൈം ബ്രാഞ്ച് കണ്ണൂർ & കാസർഗോഡ് പോലീസ് സൂപ്രണ്ട് മേധാവിയായുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരുന്ന Cr.No.157/CB/KNR&KSD/25 കേസുമായി ബന്ധപ്പെട്ട് മൈറ്റോകോൺട്രിയൽ ഡി.എൻ.എ. പരിശോധന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ നടത്തുന്നതിനായി 2055-00-101-99-00-34-03-NV എന്ന ശീർഷകത്തിൽ നിന്നും 72,000/- രൂപ (എഴുപത്തിരണ്ടായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
#ApprovedByName#
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (30.03.2025 ലെ വ്യയം-എ3/212/2025-ധന (ഇ-3106144) പ്രകാരം)

ഡയറക്ടർ, ഐ & പിആർഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Jalaja Kumari M S
Date: 05-04-2025 22:18:31

സെക്ഷൻ ഓഫീസർ